**"CORRUPTION, A CRIME AGAINST NATION"**

**വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ**
**തിരുവനന്തപുരം-695033**
**ഇ.മെയിൽ :** vig.vacb@kerala.gov.in
**ഫോൺ-0471-2305393**
**തീയതി : 12.05.2020**

## കാസർകോട് എക്സൈസ് റേഞ്ച് ഓഫീസിൽ നിന്നും 118 ലിറ്റർ വിദേശമദ്യം കാണ്മാനില്ല

2019, 2020 വർഷങ്ങളിൽ കാസർകോട് എക്സൈസ് റേഞ്ച് ഓഫീസിൽ രജിസ്ടർ ചെയ്ത വിവിധ അബ്കാരി കേസുകളിലെ തൊണ്ടി മുതലായി സൂക്ഷിച്ചിരുന്ന 118 ലിറ്റർ വിദേശ മദ്യം ലോക്ക്ഡൌൺ കാലത്ത് ഓഫീസിൽ നിന്നും കടത്തിയതായി വിജിലൻസ് കണ്ടെത്തി. തൊണ്ടി മുതലായി കാസർകോട് എക്സൈസ് റേഞ്ച് ഓഫീസിൽ സൂക്ഷിച്ചിരുന്ന വിദേശമദ്യത്തിൽ നിന്നും എക്സൈസ് ഉദ്യോഗസ്ഥർ വിദേശമദ്യം കടത്തുന്നതായി കാസർകോട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.കെ.ദാമോദരന് ലഭിച്ച രഹസ്യ വിവരത്തിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് ഡയറക്ടർ ശ്രീ. അനിൽകാന്ത്. IPS ന്റെ നിർദേശ പ്രകാരം ഇന്ന് ( 12.05.2020) രാവിലെ 11 മണി മുതൽ നടത്തിയ മിന്നൽ പരിശോധനയിലാണ് തൊണ്ടി മുതലായി സൂക്ഷിച്ചിരുന്ന 118 ലിറ്റർ വിദേശമദ്യം കാണതെപോയതായി വിജിലൻസ് കണ്ടെത്തിയത്. മിന്നൽ പരിശോധനയിൽ കണ്ടെത്തിയ അപാകതയെപ്പറ്റി വിശദമായ റിപ്പോർട്ട് മേൽ നടപടികൾക്കായി സർക്കാരിലേക്ക് കൈമാറുമെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ. അനിൽകാന്ത്. IPS അറിയിച്ചു. ഇന്ന് നടന്ന മിന്നൽ പരിശോധനയിൽ കാസർകോട് വിജിലൻസ് യൂണിറ്റ് ഡി.വൈ.എസ്.പി ശ്രീ.കെ.ദാമോദരനെ കൂടാതെ എസ്.ഐമാരായ ശ്രീ.മധുസൂദനൻ, സി.പി. ശ്രീ.ശശിധരൻ പിള്ള, എസ്.സി.പി.ഒമാരായ ശ്രീ. സുഭാഷ് ചന്ദ്രൻ, ശ്രീ സുരേഷ് എന്നിവർ പങ്കെടുത്തു.